► മാണിക്ക് വീണ്ടും കുരുക്ക്

DESHABHIMANI DALY DT 25-12-2015

# കെഎസ്എഫ്ഇയിൽ കോടികളുടെ അഴിമതി

● കെ ശ്രീകണ്ഠൻ

**തിരുവനന്തപുരം >** ധനവകുപ്പിനു കീഴിലെ ബാങ്കിതര സാമ്പത്തികസ്ഥാപനമായ കെഎസ്എഫ്ഇയിൽ കഴിഞ്ഞ നാലുവർഷത്തിനിടെ കോടിക്കണക്കിനു രൂപയുടെ അഴിമതിയും വെട്ടിപ്പും നടന്നതായി വിവരം. സമ്മാനപദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ, ഉപകരണങ്ങൾ വാങ്ങൽ, കോർ ബാങ്കിങ്ങിനും മറ്റുമുള്ള കരാറുകൾ എന്നിവയിലൂടെ വൻതോതിൽ പണംതട്ടിയതായാണ് കണ്ടെത്തൽ. കെ എം മാണിയെ ഒതുക്കാനുള്ള മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പുതിയ നീക്കങ്ങളാണ്, വൻലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനത്തിൽ നടന്ന തീവെട്ടിക്കൊള്ള പുറത്താകാൻ കാരണമായത്. ബാർ കോഴ കേസിൽ മന്ത്രിസ്ഥാനം പോയ മാണി ഇതോടെ കൂടുതൽ കുരുക്കിലായി.

ക്രിസ്മസിന് അവധിയായതിനാൽ 26ന് (ശനിയാഴ്ച) പത്രം പ്രസിദ്ധീകരിക്കുന്നതല്ല.
മാനേജർ

ധനമന്ത്രി കെ എം മാണിയുടെ കാർമികത്വത്തിൽ അദ്ദേഹത്തിന്റെ അനുയായികൾ അനധികൃതമായ പദ്ധതികളിലൂടെയും മറ്റും കോടികൾ കെഎസ്എഫ്ഇയിൽ നിന്ന് ഊറ്റിയെടുത്തു. നാലരവർഷത്തിനുള്ളിൽ 500 കോടിയുടെ സമ്മാനപദ്ധതി നടപ്പാക്കിയതിലാണ് ഏറ്റവും കൂടുതൽ തിരിമറി നടന്നത്. പുതിയ ശാഖകൾ തുറക്കൽ, ചിട്ടി ക്യാമ്പയിൻ മേള, കംപ്യൂട്ടറുകളും പ്രിന്ററുകളും വാങ്ങൽ, കരാർ നിയമനം, പരസ്യം എന്നിവ തൃശൂർ കേന്ദ്രമായ കോർപറേറ്റ് ഓഫീസ് നേരിട്ടാണ് നിയന്ത്രിച്ചിരുന്നത്. ഒരുവർഷം മൂന്നും നാലും തവണ ചിട്ടി ക്യാമ്പയിൻ മേള നടത്തിയതായി കണ്ടെത്തി. പരസ്യ കമ്പനികളിൽനിന്നും സമ്മാനദാതാക്കളിൽനിന്നും 30 ശതമാനംവരെ വിഹിതം കേരള കോൺഗ്രസ് കേന്ദ്രങ്ങൾ കൈപ്പറ്റി. സമ്മാനപദ്ധതിയിൽ കാർ, സ്വർണനാണയങ്ങൾ, ബൈക്കുകൾ എന്നിവ വാങ്ങിയതിലും വൻതുക കമീഷൻ പറ്റി.

- തട്ടിപ്പു പുറത്തായത് മാണിയെ ഒതുക്കാനുള്ള മുഖ്യമന്ത്രിയുടെ നീക്കത്തിൽ
- സമ്മാനപദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ എന്നിവയിലൂടെ വൻതോതിൽ പണംതട്ടി

27000 കോടി രൂപയുടെ ബിസിനസും 31 ലക്ഷം വരിക്കാരും 540 ശാഖകളുമുള്ള കെഎസ്എഫ്ഇയെ നിയന്ത്രിക്കുന്ന കോർപറേറ്റ് ഓഫീസിൽ കഴിഞ്ഞ അഞ്ചുവർഷമായി ഇന്റേണൽ ഓഡിറ്റ് നടന്നിട്ടില്ല. കമ്പനി നിയമം 83 പ്രകാരം നിയമപരമായി പൂർത്തീകരിക്കേണ്ട ഇന്റേണൽ ഓഡിറ്റ്, ഡയറക്ടർ ബോർഡ് ഇടപെട്ടാണ് നിർത്തിയത്. ഇന്റേണൽ ഓഡിറ്ററെ പുറത്താക്കുകയുംചെയ്തു. കഴിഞ്ഞ നാലരവർഷത്തിനിടെ ഇരുനൂറോളം പുതിയ ശാഖ ആരംഭിച്ചു. നൂറോളം ശാഖകളുടെ നിലവിലുള്ള ഓഫീസ് കെട്ടിടം മാറ്റി. ഇതിന്റെ വാടക നിശ്ചയിച്ചതിലും കൗണ്ടറുകളും ക്യാബിനുകളും പണി കഴിപ്പിച്ചതിലും വൻ അഴിമതി നടന്നതായാണ് വിവരം. കോർ ബാങ്കിങ് കരാറിനും കംപ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയതിനും മറ്റും ചെലവഴിച്ച കോടിക്കണക്കിന് രൂപയുടെ കമീഷൻ എംഡി മുഖേന മുൻ ധനമന്ത്രിയുടെ ഓഫീസിന് കൈമാറിയെന്നാണ് ആരോപണം.

കേരള കോൺഗ്രസ് നോമിനിയായ കെഎസ്എഫ്ഇ ചെയർമാനും ഡയറക്ടർ ബോർഡിനുമെതിരെ വിജിലൻസ് അന്വേഷണം നടത്താൻ മുഖ്യമന്ത്രിയുടെ ഓഫീസ് തീരുമാനിച്ചിരിക്കയാണ്. തട്ടിപ്പുകൾ പുറത്തായ സാഹചര്യത്തിൽ മാണി നിയമിച്ച മാനേജിങ് ഡയറക്ടർ അവധിയെടുത്ത് സ്വകാര്യ ആയുർവേദ ചികിത്സാകേന്ദ്രത്തിൽ ഫിനാൻസ് മാനേജരായി ചേർന്നു. കെഎസ്എഫ്ഇ ചെയർമാൻ പി ടി ജോസും എംഡി പി രാജേന്ദ്രനും കഴിഞ്ഞദിവസം മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. ഇതിനുശേഷമാണ് എംഡി അവധിയിൽ പ്രവേശിച്ചത്. മുഖ്യമന്ത്രിയുടെ ഓഫീസ് നിർദേശിച്ചത് അനുസരിച്ചാണ് എംഡി അവധിയിൽ പോയതെന്നാണ് സൂചന. എംഡിയുടെ ചുമതല വഹിച്ചിരുന്ന ഇദ്ദേഹത്തെ 2015 ഒക്ടോബർ 31നാണ് എംഡിയായി മാണി നിയമിച്ചത്. മാണി രാജിവച്ച ശേഷവും പി ടി ജോസ് വഴി കെഎസ്എഫ്ഇയിലെ കാര്യങ്ങൾ നിയന്ത്രിച്ചുവരികയായിരുന്നു.